ഭരണഭാഷ – മാതൃഭാഷ

നമ്പർ ഇ2/3497/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33.
ഫോൺ : 0471-2303107
തീയതി : 22.03.2016.

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം അറ്റൻഡർ ടെസ്റ്റ് പാസ്സാകാത്ത ലാബ്/ലൈബ്രറി അറ്റൻഡർമാരെ തരംതാഴ്ത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1) 26.11.2013ലെ ഈ ഓഫീസിലെ ഇ1/24690/13/കോ.വി.വ. നമ്പർ കത്ത്.
2) 28.03.2015ലെ 756/D3/15/ഉ.വി.വ. നമ്പർ സർക്കാർ കത്ത്.
3) 13.04.2015ലെ എഫ 2/42847/2009/കോ.വി.വ. മേലെഴുത്ത്.

-------------

യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിനു വിധേയമായി ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതകൾ ഇല്ലാതെ തന്നെ ലാബ് / ലൈബ്രറി അസിസ്റ്റന്റായി പ്രൊമോഷൻ ലഭിച്ച് പ്രസ്തുത തസ്തികയിൽ തുടരുന്ന ജീവനക്കാരും ഇതര തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചവരും തുടർച്ചയായ 5 അവസരത്തിനുള്ളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡർ ടെസ്റ്റ് പാസായിട്ടില്ലായെങ്കിൽ തരം താഴ്ത്തുന്നതിനായി സൂചന (1) കത്ത് പ്രകാരം എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുടർച്ചയായി 5 ചാൻസ് ലഭിച്ചിട്ടും അറ്റൻഡർ ടെസ്റ്റ് പാസ്സാകാതെ ലാബ് / ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ തുടരുന്ന ജീവനക്കാരെ തരം താഴ്ത്തുന്നതിനാണ് സൂചന (2) പ്രകാരമുള്ള സർക്കാർ കത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്.

ഈ സാഹചര്യത്തിൽ, സൂചന (1) കത്തിലെ നിർദ്ദേശം റദ്ദ് ചെയ്യുന്നു. എന്നാൽ തുടർച്ചയായി 5 അവസരം ലഭിച്ചിട്ടും അറ്റൻഡർ ടെസ്റ്റ് പാസ്സാകാതെ ലാബ് / ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ തുടരുന്ന ജീവനക്കാരെ അവർ ലാബ് / ലൈബ്രറി അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ച തീയതി മുതൽ 5-ാമത്തെ അറ്റൻഡർ ടെസ്റ്റ് നടന്ന തീയതി പ്രാബല്യത്തിൽ മുൻ തസ്തികയിലേക്ക് തരം താഴ്ത്തേണ്ടതാണ്.

ഡോ. എ.എൻ.പത്മകുമാരി
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

TP 23.3.2016